514
8/1/16

# കേരള സർക്കാർ

നം. 74/ഇപിബി2/2015-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്
തിരുവനന്തപുരം, തീയതി 21.12.2015

## പരിപത്രം

വിഷയം :- തദ്ദേശ സ്വയം ഭരണ വകുപ്പ് - അച്ചടക്ക നടപടി - വിരമിക്കുന്ന ജീവനക്കാരുമായി ബന്ധപ്പെട്ട അച്ചടക്കനടപടി തീർപ്പാക്കുന്നത് സംബന്ധിച്ച് പൊതുവായ നിർദ്ദേശം പുറപ്പെടുവിക്കുന്നത്

പഞ്ചായത്ത് ഡയറക്ടർ തലത്തിൽ ജീവനക്കാർക്കെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടികൾ സമയബന്ധിതമായി തീർപ്പാക്കാതെ ജീവനക്കാർ റിട്ടയർ ചെയ്തുകഴിഞ്ഞ് ആയവയിൽ കെ.എസ്. ആർ. പാർട്ട് 3 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി സർക്കാരിലേക്ക് ശുപാർശ ചെയ്യുന്ന രീതി സ്വീകരിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാർക്കെതിരെയും സർക്കാർ തലത്തിൽ അച്ചടക്കനടപടി സ്വീകരിച്ചുവരുന്നുണ്ട്. അതു കൂടാതെ പഞ്ചായത്ത് ഡയറക്ടർ തീർപ്പാക്കിയ അച്ചടക്കനടപടിയുടെ അപ്പീലുകളും, ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ ശുപാർശകൾ, ഓഡിറ്റ് അപാകതയുമായി ബന്ധപ്പെട്ട നടപടി ശുപാർശകൾ തുടങ്ങിയ അച്ചടക്കനടപടികൾ സംബന്ധിച്ച വിഷയങ്ങൾ സർക്കാരിൽ കൈകാര്യം ചെയ്തുവരുന്നു. ഇതിനുപുറമേയാണ് പഞ്ചായത്ത് ഡയറക്ടർ തലത്തിൽ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടി സമയബന്ധിതമായി തീർപ്പാക്കാതെ കുറ്റാരോപിതർ റിട്ടയർ ചെയ്തുകഴിഞ്ഞ് ആയവയിൽ നടപടി സ്വീകരിക്കുന്നതിനായി അപൂർണ്ണമായ ഇത്തരം ശുപാർശകളും സർക്കാരിലേക്ക് അയച്ചുതരുന്നത്. കെ.എസ്. ആർ. പാർട്ട് 3 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി സർക്കാരിനോട് ശുപാർശ ചെയ്യപ്പെട്ടവയിൽ ജീവനക്കാരുടെ വിരമിക്കൽ തീയതി പോലും പരാമർശിച്ചുകാണാറില്ല. ഇത്തരം കേസുകൾ പരിശോധിക്കുന്നതിന് സർക്കാർ തലത്തിൽ ബുദ്ധിമുട്ടിനിടയാക്കുന്നുണ്ട്

ഒരു സർക്കാർ ജീവനക്കാരന്റെ പെൻഷനിൽ കുറവുവരുത്തുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതു സംബന്ധിച്ച് കെ. എസ്. ആർ. ഭാഗം III ൽ പരാമർശിക്കുന്നത് ഇപ്രകാരമാണ്

RULING 2 of Rule 3 "In case of an employee whose case falls within the purview of the proviso and proceedings against whom were instituted by an authority subordinate to Government, **order for withdrawal /withholding of pension can be passed by the subordinate authority on the conclusion of the proceedings. The function of the Disciplinary Authority is only to reach a finding on the charge and to submit a report recording its findings to the Government.** Government will then consider the findings and take a final decision"

RULING 2 of Rule 59 "If a subordinate authority considers that it is open to question whether the full pension admissible under rule should be granted to an employee owing to he unsatisfactory character and conduct, the pension application shall be submitted to the Government for orders **with a concise statement of the unfavourable circumstances appearing against that employee and a sufficient explanation thereof** to enable the Government to for an opinion as to the propriety of reducing the pension."

മേൽ സാഹചര്യത്തിൽ, തദ്ദേശസ്വയംഭരണവകുപ്പിനു കീഴിലുള്ള വകുപ്പുമേധാവി തലത്തിൽ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടികൾ കഴിയുന്നതും ജീവനക്കാരൻ/ജീവനക്കാരി വിരമിക്കുന്നതിനു മുൻപ് തീർപ്പാക്കുന്നതിനുള്ള നടപടിസ്വീകരിക്കേണ്ടതും അങ്ങനെ തീർപ്പാക്കാൻ കഴിയാത്തവയിൽ പെൻഷനിൽ കുറവുവരുത്തുന്നതിനുള്ള സാഹചര്യമുണ്ടെന്നുകാണുന്നപക്ഷം ആയതിനുള്ള ശുപാർശ സർക്കാരിലേക്ക് സമർപ്പിക്കുമ്പോൾ വിരമിക്കുന്നതിനു മുൻപ് തീർപ്പാക്കാൻ കഴിയാത്തതിനുള്ള കാരണവും ജീവനക്കാരന്റെ പെൻഷനിൽ കുറവുവരുത്തുന്നതിനുള്ള സാഹചര്യം സംബന്ധിച്ച വിശദീകരണവും ഇതുസംബന്ധിച്ച് വകുപ്പുമേധാവി തലത്തിൽ സ്വീകരിച്ച നടപടിക്രമങ്ങളുമുൾപ്പെടെയുള്ള വിശദമായ ശുപാർശ സമർപ്പിക്കേണ്ടതാണെന്ന് തദ്ദേശസ്വയം ഭരണ വകുപ്പിനു കീഴിലുള്ള എല്ലാ വകുപ്പുമേധവികളോടും ഇതിനാൽ നിർദ്ദേശിക്കുന്നു

**കൃഷ്ണശർമ്മ പി.**
അഡീഷണൽ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, വിജിലൻസ്, തിരുവനന്തപുരം
തദ്ദേശസ്വയം ഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
വിജിലൻസ് വകുപ്പിന് (അറിവിലേക്കായി)
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ